5. കാർഷിക കയറ്റുമതി മേഖലയിൽ സ്ഥാപിക്കുന്ന നാല് സംയോജിത പായ്ക്ക് ഹൗസുകൾക്കുവേണ്ടി വരുന്ന 600 ലക്ഷം രൂപയിൽ 160 ലക്ഷം രൂപ കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാർ 187.50 ലക്ഷം രൂപയും 252.50 ലക്ഷം രൂപ സ്വകാര്യസംരംഭകരിൽ നിന്ന് സ്വരൂപിക്കും.

6. ആധുനിക ബനാന ബഫർ യൂണിറ്റിന് 150 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കേന്ദ്രവിഹിതവും 100 ലക്ഷം സ്വകാര്യ വിഹിതവും

7. ശീതീകരണ സംവിധാനമുള്ള 8 റീഫർ ട്രക്കുകൾ വാങ്ങുന്നതിനുള്ള 96 ലക്ഷം രൂപയിൽ 25 ലക്ഷം കേന്ദ്ര വിഹിതവും 71 ലക്ഷം രൂപ സ്വകാര്യ നിക്ഷേപവുമാണ്.

8. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിലേക്ക് അന്തർദ്ദേശീയ നിലവാരമുള്ള പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിലേക്കായി 45 ലക്ഷം രൂപ അടങ്കൽ തുകയിൽ 22.50 ലക്ഷം രൂപ കേന്ദ്രസർക്കാർ വിഹിതവും 22.5 ലക്ഷം രൂപ സ്വകാര്യ നിക്ഷേപവുമാണ്.

സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

70 (1865) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ കാർഷികമേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നടപടിക്കുവേണ്ടി എന്തെല്ലാം വസ്തുതകൾ കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയുണ്ടായി ;

(സി) കമ്മീഷന്റെ പ്രമുഖ ശുപാർശകളിൻമേൽ ഇനിയും നടപടികൾ ഒന്നും എടുക്കാൻ സാധിക്കാതിരുന്നത് ഏതിലെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കമ്മീഷന്റെ ഏതെങ്കിലും ശുപാർശ നടപ്പിലാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) ഏതെങ്കിലും ശുപാർശകളിൻമേൽ വിദഗ്ദ്ധ പരിശോധന ഇനിയും വേണമെന്ന് സർക്കാർ കരുതുന്നുണ്ടോ ?

ഉത്തരം

(എ) ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം നടപടികൾ സ്വീകരിച്ചു:

1. ശുപാർശകൾ പരിശോധിച്ച് നടപടികൾ നിർദ്ദേശിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ച് സിറ്റിംഗ് നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

2. തോട്ടം മേഖലയ്ക്ക് ആശ്വാസം നൽകുന്നതിനായി നികുതി എക്സൈസ് ഡ്യൂട്ടി ഇളവുകൾ അനുവദിച്ചു.

3. കൃഷിയുടെ ചെലവ് കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെയാണ് എല്ലാപദ്ധതികളും ആവിഷ്ക്കരിച്ചു വരുന്നത്.

4. കേരള ബയോഡൈവേഴ്സിറ്റി ബോർഡ് രൂപീകരിച്ചു.

5. കാർഷിക വ്യാപാരത്തിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് തയ്യാറാക്കി പരിശോധിച്ച് വരുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തി.

6. നാളികേര വികസനം സംബന്ധിച്ച് ശുപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാന നാളികേര വികസനബോർഡ് പദ്ധതികൾ നടപ്പാക്കി വരുന്നു.

7. രോഗം മൂർച്ഛിച്ച തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധശേഷിയുള്ള തെങ്ങിനങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകി. കേന്ദ്ര/കേന്ദ്ര ധനകാര്യസ്ഥാപനങ്ങളുടെ സഹായം നേടാനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

8. ഔഷധ സസ്യ വികസനത്തിനും വ്യാപാരത്തിനും ഹെർബൽ ബയോ വാലി സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ കൃഷി ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തു.

9. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. വണ്ടിപ്പെരിയാർ ഫാം ഒരു ജൈവ കൃഷി ഫാമാക്കാനും പൊക്കാളി പ്രദേശത്ത് ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാനും നടപടിയെടുത്തു വരുന്നു.

ദേശീയ ജൈവകാർഷിക ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

10. കൂടുതൽ വിളകൾ ദേശീയവിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രത്തിലേക്ക് കത്തയച്ചു.

11. പ്രധാന വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജൈവ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൊണ്ടുള്ള പദ്ധതികൾ ഡോ. ചോപ്ര കമ്മിറ്റി തയ്യാറാക്കി നൽകിയത് പരിശോധിച്ചുവരുന്നു.

12. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ കാർഷികമേഖലയെ സംബന്ധിച്ച ആഭ്യന്തരഗോളാന്തര വിവരങ്ങൾ അപ്പപ്പോൾ കർഷക ഭവനങ്ങളിൽ എത്തിക്കുന്നതിനായി (കിസാൻ) എന്ന പദ്ധതി കൃഷി

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെയും കാർഷികസർവ്വകലാശാലയുടെയും ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന ഐ. ഐ. ടി. എം. കെ. യുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കാൻ ആരംഭിച്ചു.

13. കർഷകർക്ക് അവരുടെ ഭൂമിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ കൃഷി തിരഞ്ഞെടുക്കാൻ സഹായിക്കുന്നതിനായി പഞ്ചായത്ത് തലത്തിലുള്ള സോയിൽ മാപ്പിംഗ് തയ്യാറാക്കാൻ കൃഷിവകുപ്പിന്റെയും ഭൂവിനിയോഗ ബോർഡിന്റെയും സോയിൽ സർവ്വേവിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചു.

(ബി) കേന്ദ്രതലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകളിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം നൽകുകയുണ്ടായി. ബന്ധപ്പെട്ട മന്ത്രിമാർക്ക് കത്തുകളയച്ചിട്ടുണ്ട്. കയറും റബ്ബറും കാർഷികോല്പന്നങ്ങളും പട്ടികയിൽ ഉൾപ്പെടുത്തുക, കാപ്പി, തേയില, പാമോയിൽ തുടങ്ങിയവയുടെ ഇറക്കുമതി തീരുവ ഡബ്ല്യു. ടി. ഒ. നിബന്ധിത നിരക്കിലേക്കുയർത്തുക, തോട്ടം മേഖലയിലെ തൊഴിൽസ്ഥിരതയ്ക്കും വേതനത്തിന്റെ ഒരു ഭാഗം ഭക്ഷ്യധാന്യമായി നൽകുന്നതിന് ഗ്രാമീണസമ്പൂർണ്ണ റോസ്ഗാർ യോജനയിൽ ഉൾപ്പെടുത്തി ധാന്യം അനുവദിക്കുക. ജൈവകൃഷി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കുക, പ്രധാനപ്പെട്ട വിളകളെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക മുതലായ ആവശ്യങ്ങളാണ് കേന്ദ്രത്തിൽ ഉന്നയിച്ചിരിക്കുന്നത്.

(സി) നടപടി സ്വീകരിക്കേണ്ട പ്രധാന ശുപാർശകളിൽ ചിലത് താഴെ പറയുന്നു.

1. കാർഷിക വ്യാപാരപ്രോത്സാഹനത്തിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി കാർഷികമേഖലയിലെ വിവിധ തുറകളിലെ ആൾക്കാരെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിക്കുക.

2. സമുദ്രോല്പന്നങ്ങളുടെ ആഭ്യന്തരവും വൈദേശികവുമായ വിപണിയുടെ വിപുലീകരണത്തിനുള്ള നടപടികൾ.

3. കേരസംസ്ക്കരണത്തിനും മറ്റുമായി ചെറുകിട കേരകർഷകരുടെ എസ്റ്റേറ്റ് രൂപീകരിക്കുക. രോഗംബാധിച്ച തെങ്ങുകൾ നീക്കം ചെയ്ത് മുന്തിയയിനം തെങ്ങുകൾ വച്ച് പിടിപ്പിക്കുക.

4. ഡബ്ല്യു.റ്റി. ഒ. മീഡിയ സെൽ രൂപീകരിക്കുക.

5. സസ്യശുചിത്വ നടപടികൾ ത്വരിതപ്പെടുത്തുക അതിനായി ബോധവത്കരണം നടത്തുക.

6. സ്ത്രീകളെ കാർഷികരംഗത്തേയ്ക്കാകർഷിക്കാൻ കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള കേന്ദ്രം വിപുലപ്പെടുത്തുക.

7. സംസ്ഥാന ലാന്റ് യൂസ് ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

8. കാർഷികരംഗത്തുള്ളവരുടെ വൈദഗ്ധ്യവും വിജ്ഞാനവും വിപുലപ്പെടുത്തുന്നതിന് എല്ലാ ജില്ലാകേന്ദ്രങ്ങളിലും കാർഷികവിജ്ഞാന കേന്ദ്രം സ്ഥാപിക്കുക. സസ്യഔഷധത്തിനും ആയുർവേദത്തിനും ഇതേ മാതൃകയിൽ മറ്റൊരു കേന്ദ്രം കോട്ടയ്ക്കൽ ആര്യ വൈദ്യശാലയിൽ സ്ഥാപിക്കുക.

9. വ്യാപാര സംബന്ധിയായ ബൗദ്ധികസ്വത്തവകാശ സംരക്ഷണം.

10. തോട്ടവിളകളുടെ കാര്യത്തിൽ ഒരു ബ്യൂറ്റ്സ്ഥായ വിളനയം രൂപീകരിക്കൽ.

(ഡി) ഇല്ല.

(ഇ) കേന്ദ്ര സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികളിൻമേലും നയപരമായ തീരുമാനങ്ങൾ ആവശ്യമായ ശുപാർശകളിൻമേലും ധനപരമായ ബാദ്ധ്യത വരാൻ സാദ്ധ്യതയുള്ള ശുപാർശകളിൻമേലും വിദഗ്ദ്ധപരിശോധന ആവശ്യമായി വരുമെന്ന് കരുതുന്നു

മോഡേൺ റൈസ്മില്ലുകളുടെ നിർമ്മാണം

71 (1866) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കർഷകരേയും കർഷക തൊഴിലാളികളേയും സഹായിക്കുന്നതിനായി മുൻ സർക്കാർ അനുവദിച്ച ആധുനികരീതിയിലുള്ള മൂന്നു മോഡേൺ റൈസ്മില്ലുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടക്കുന്നുണ്ടോ ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനു ബന്ധപ്പെട്ട അധികാരികൾക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ;

(ഡി) പണി എന്ന് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) നെൽകർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നെൽകൃഷിയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും പ്രധാനകൃഷിമേഖലകളായ പാലക്കാട്, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിൽ ആധുനിക രീതിയിലുള്ള ഓരോ റൈസ്മില്ലു സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു എങ്കിലും പ്രസ്തുത മില്ലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. വെയർഹൗസിംഗ് കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി മോശമായതിനാൽ പ്രവർത്തനം ഇടയ്ക്കു വച്ചു നിന്നുപോയി. മില്ലിന്റെ നിർമ്മാണപ്രവർത്തനങ്ങളും അവയുടെ പുരോഗതിയും മറ്റും അവലോകനം ചെയ്തു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ എന്തു നടപടി സ്വീകരിക്കണമെന്നു തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly